# 28.03.2018-ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ പന്ത്രണ്ടാമത് യോഗത്തിന്റെ നടപടിക്രമം

ഐ.എം.ജിയിലുള്ള ഭരണപരിഷ്കാര കമ്മീഷന്റെ ഓഫീസിലാണ് കമ്മീഷന്റെ പന്ത്രണ്ടാമത് യോഗം ചേർന്നത്. രാവിലെ 11.00 മണിക്ക് കൂടിയ യോഗത്തിൽ ചെയർമാൻ അദ്ധ്യക്ഷത വഹിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

ഭരണപരിഷ്കാര കമ്മീഷന്റെ നിലവിൽ നടന്നുവരുന്ന പഠനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ ചെയർമാൻ ആമുഖമായി സംസാരിച്ചു. കമ്മീഷൻ ഇതിനകം സർക്കാരിന് സമർപ്പിച്ച വിജിലൻസ് പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനം എടുക്കാത്തതിൽ ഉത്കണ്ഠ രേഖപ്പെടുത്തിയ കാര്യവും ചെയർമാൻ പരാമർശിച്ചു.

വിവിധ സ്ഥാപനങ്ങളിൽ കമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തിയതിനോടനുബന്ധിച്ച് ക്രോഡീകരിച്ചെടുത്ത വിവരങ്ങൾ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തണമെന്നും, കമ്മീഷന്റെ പുതിയ പഠന മേഖലകൾ സംബന്ധിച്ച് സി.എം.ഡി യുമായി ചേർന്ന് പ്രാരംഭ നടപടികൾ ആരംഭിക്കേണ്ടതുണ്ടെന്നും ഐ.എം.ജിയിലെ പുതിയ ഓഫീസ് സംവിധാനം പരമാവധി പ്രയോജനപ്പെടുത്തണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

**തീരുമാനങ്ങൾ**

| അജണ്ട ഇനം നമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 01.03.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പതിനൊന്നാമത് യോഗം മിനിട്സ് അംഗീകരിക്കൽ | മിനിട്സ് അംഗീകരിച്ചു. |
| 2 | 01.03.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പതിനൊന്നാമത് യോഗത്തിലെ തീരുമാനങ്ങൾ-നടപടി റിപ്പോർട്ട് | നടപടി റിപ്പോർട്ട് അംഗീകരിച്ചു. |
| 3 | ഐ.എം.ജി യിലെ നിർദ്ദിഷ്ട ഓഫീസ് സൗകര്യത്തിലേക്ക് കമ്മീഷന്റെ ഓഫീസ് മാറ്റുന്നത് - ഓഫീസ് ആവശ്യങ്ങൾക്കായി കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നത് സംബന്ധിച്ച് | ഐ.എം.ജി യിലെ നിർദ്ദിഷ്ട ഓഫീസ് സൗകര്യത്തിലേക്ക് കമ്മീഷന്റെ ഓഫീസ് മാറ്റിയതിനോടനുബന്ധിച്ച് ഓഫീസ് ആവശ്യങ്ങൾക്കായി 6 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, 10 ലാപ് ടോപ്പ്, 5 പ്രിന്റർ, 5 സ്കാനർ എന്നിവ ആവശ്യമനുസരിച്ച് വാങ്ങുന്നതിന് തീരുമാനിച്ചു. |

| | | |
|---|---|---|
| 4 | ഐ.എം.ജി യിലെ നിർദ്ദിഷ്ട ഓഫീസ് സൗകര്യത്തിലേക്ക് കമ്മീഷന്റെ ഓഫീസ് മാറ്റുന്നത് - ഓഫീസ് ആവശ്യങ്ങൾക്കായി ഫർണിച്ചർ വാങ്ങുന്നത് സംബന്ധിച്ച് | ഐ.എം.ജി യിൽ കമ്മീഷന് അനുവദിച്ച നിർദ്ദിഷ്ട ഓഫീസിൽ നിലവിലുള്ള ഫർണിച്ചറുകൾ കൂടാതെ ആവശ്യത്തിനനുസരിച്ച് ഫർണിച്ചറുകൾ വാങ്ങുന്നതിന് തീരുമാനിച്ചു. |
| 5 | കമ്മീഷന്റെ പുതിയ പഠന മേഖലകൾ സംബന്ധിച്ച് | കമ്മീഷൻ തുടർന്ന് നടത്തുന്ന പഠനങ്ങൾ സംബന്ധിച്ച് 2018 മെയ് 9,11 തീയതികളിൽ സി.എം.ഡിയുമായി ചേർന്ന് ബ്രെയിൻ സ്റ്റോമിങ് സെഷനുകൾ നടത്തുന്നതിന് തീരുമാനിച്ചു. |

ഭരണപരിഷ്കാര കമ്മീഷനിൽ അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീ. ടി.പി. ബാബു 31.03.2018 ന് സർവീസിൽ നിന്നും വിരമിച്ചു. അദ്ദേഹത്തിന്റെ സേവനം സ്തുത്യർഹമായിരുന്നുവെന്ന് കമ്മീഷൻ വിലയിരുത്തി.

ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. കെ.വി.സുധാകരൻ സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന പാനലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടതിൽ കമ്മീഷൻ സന്തോഷം രേഖപ്പെടുത്തി.

കമ്മീഷന്റെ അടുത്ത യോഗം 2018 മെയ് 10 ന് വൈകുന്നേരം 3.30 മണിക്ക് കൂടുന്നതിന് തീരുമാനിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു.